ശതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്സ്) :

(എ) ഉണ്ട്.

(ബി) കേന്ദ്രഗവണ്മെൻറിൻെറ അഭിപ്രായം ലഭിച്ചിട്ടില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ഇതു് എന്നത്തേക്കു പാസ്സാക്കാമെന്നാണു് കരുതുന്നതു് ?

ശ്രീ. ടി. വി. തോമസ്സ് : എല്ലാവരുംകൂടി സഹകരിച്ചാൽ ഒരു ദിവസംകൊണ്ടു് പാസ്സാക്കാം.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ഇതിനെ സംബന്ധിച്ചു് തൊഴിലാളികളുടേയും, വ്യവസായികളുടേയും അഭിപ്രായങ്ങൾ ആരാഞ്ഞിട്ടുണ്ടോ ?

ശ്രീ ടി. വി. തോമസ്സ് : ഇൻഡസ്ട്രീയൽ റിലേഷൻസ് ബോർഡിൽ ഇതിനെസംബന്ധിച്ചു് ആലോചന നടന്നിട്ടുണ്ടു് ; അവർ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : കേന്ദ്രഗവണ്മെൻറിൻെറ അവസാന അഭിപ്രായം തന്നിട്ടില്ലെന്നു പറയുകയുണ്ടായി. പ്രാരംഭ അഭിപ്രായം എന്താണെന്നു അറിയിച്ചിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്സ് : കേന്ദ്രഗവണ്മെൻറു് ഇതിനെ സംബന്ധിച്ചു് എതിരായി ഒന്നും പറഞ്ഞിട്ടില്ല. എന്നാൽ അവസാനമായിട്ടുള്ള അഭിപ്രായം ലഭിച്ചിട്ടില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ഈ നിയമം തൊഴിലാളികളുടെ സമരവീര്യത്തെ നശിപ്പിക്കുന്നതാണെന്നു വിചാരമുണ്ടോ ?

ശ്രീ. ടി. വി. തോമസ്സ് : അങ്ങനെ കരുതിയിട്ടില്ല. ഈ ബില്ലിലുള്ള പ്രൊവിഷൻസ് എല്ലാം, ഇവിടത്തെ തൊഴിലാളി പ്രതിനിധികളും, സെൻട്രൽഗവണ്മെൻറിൻെറ പ്രതിനിധികളും, കേരളഗവണ്മെൻറിൻെറ പ്രതിനിധികളുംകൂടി നൈനിറാളിൽവച്ചുകൂടിയ കാൺഫറൻസിൽ അംഗീകരിച്ചിട്ടുള്ളതാണു്. സമരവീര്യം നശിപ്പിക്കുന്നവയാണു് അവ എന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല.

ശ്രീമതി കുസുമം ജോസഫ് : എല്ലാവരുടേയും സഹകരണമുണ്ടെങ്കിൽ ഒരു ദിവസംകൊണ്ടു് ബില്ലു പാസ്സാക്കാമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇനിയുള്ള ബില്ലുകൾക്കൊന്നിനും പ്രതിപക്ഷങ്ങൾ സഹകരിക്കുകയില്ലെന്നറിയാമോ ?

മി. സ്പീക്കർ : ആ ചോദ്യത്തിനു് ഉത്തരം പറയേണ്ട ആവശ്യമില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതിനുമുൻപു് കേന്ദ്രഗവണ്മെൻറിൻെറ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്സ് : ഡ്രാഫ്റ്റു് അയച്ചുകൊടുത്തിട്ടുണ്ടു്. സിലക്ടുകമ്മിറ്റി സ്റ്റേജിനുമുമ്പു് മിക്കവാറും അഭിപ്രായം വന്നുചേരുമെന്നു പ്രതീക്ഷിക്കുന്നു.

Industrial Development in the Kottayam District.

* 1765 [12] **Shri M. C. Abraham :** Will the Minister for Industries be pleased to state :

(a) The total amount set apart for industrial development for the Kottayam District in this financial year ; and

(b) The items of industrial development for which the amount is set apart and the amount set apart for each item ?

LIBRARY ARCHIVES Kerala Legislative Assembly

Minister for Industries (**Shri K. P. Gopalan**) :

(a) The amount set apart for industrial development in the Kottayam District is Rs. 41,48,000.

(b) A statement † showing the amounts provided under each item is placed on the table of the House.

ശ്രീ. എം. സി. ഏബ്രഹാം : കോട്ടയം ഡിസ്ട്രിക്റ്റിൽ പഞ്ചവത്സര പദ്ധതിയിൽപ്പെട്ട വൻകിട വ്യവസായങ്ങളിൽ ഏതെങ്കിലും തുടങ്ങാൻ ഉദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : അവിടെ വൻകിട വ്യവസായങ്ങൾ തുടങ്ങുവാനുള്ള സ്കീമൊക്കെ ഉണ്ട്. പക്ഷെ, അതു പൂർത്തിയാക്കിയിട്ടില്ല.

ശ്രീ. എം. സി. ഏബ്രഹാം : അവിടെ ഒരു കയർഫാക്ടറി തുടങ്ങണമെന്നുള്ള ഒരു ആലോചന മുമ്പുണ്ടായിരുന്നു. ആ ആലോചന പൂർത്തിയായോ ?

ശ്രീ. കെ. പി. ഗോപാലൻ : അവിടെയൊരു കയർഫാക്ടറി തുടങ്ങുവാൻ ആലോചിക്കുകയുണ്ടായി. ഇൻഡ്യാഗവണ്മെൻറും അതിനെപ്പറ്റി ആലോചിച്ചു. ഗവണ്മെൻറ് 50 ലക്ഷം രൂപ അതിലേക്കു എടുക്കണമെന്നും തീരുമാനിക്കുകയുണ്ടായി. വളരെ പ്രധാനമായ ഒരു ഫാക്ടറിയായതുകൊണ്ട് അതു് ഇവിടെ തുടങ്ങുന്നതിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. എന്നാൽ പ്ലാനിംഗ് കമ്മീഷൻ ഈയിടെ മറ്റു സ്റ്റേറ്റുകളിൽ കയർ ഫാക്ടറികൾ തുടങ്ങാൻ ആലോചിക്കുന്നതുകൊണ്ട് കേരളത്തിൽ അതു തുടങ്ങണമോ എന്നുള്ള കാര്യം ചിന്തിച്ചുകൊണ്ടിരിക്കുകയാണു്. ആ നിലപാടു് മാറ്റാൻ എല്ലാവശംകൂടി യോജിച്ചു പരിശ്രമിച്ചാൽ സാധിക്കും. ഗവണ്മെൻറ് അതിനുവേണ്ടി എന്തെല്ലാം ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. എസ്. കാത്തികേയൻ : ഈ ഫാക്ടറിക്ക് ഷെയർ ക്യാപ്പിറ്റൽ എത്രവരും ?

ശ്രീ. കെ. പി. ഗോപാലൻ : മൂന്നുകോടി രൂപയോളം വരും.

ശ്രീ. എം. നാരായണക്കുറുപ്പ് : കേന്ദ്രഗവണ്മെൻറ് പുതിയ വ്യവസായങ്ങൾ തുടങ്ങാനോ, അതിൽ ഷെയർ ക്യാപ്പിറ്റൽ മുടക്കാനോ സമ്മതം തരുന്നതിനു വൈമനസ്യം കാണിക്കുന്നതു് ഇവിടെ നല്ലനിലയിൽ വ്യവസായങ്ങൾ നടക്കുകയില്ല എന്നു മനസ്സിലാക്കിയതുകൊണ്ടു് ആയിരിക്കുകയില്ലേ ?

ശ്രീ. കെ. പി. ഗോപാലൻ : ഒരിക്കലും അല്ല. മുമ്പുള്ളകാലങ്ങളിൽ ഒരുപക്ഷെ ഇവിടെ നല്ലനിലയിൽ വ്യവസായങ്ങൾ നടന്നിട്ടില്ലെങ്കിലും ഇപ്പോൾ വളരെ ലാഭകരമായവിധത്തിൽ ഇവിടത്തെ വ്യവസായങ്ങളുടെ പ്രവർത്തനം ഗവണ്മെൻറ് നടത്തിക്കൊണ്ടിരിക്കുകയാണു്. അതുകൊണ്ടു് അങ്ങനെയുള്ള യാതൊരടിസ്ഥാനത്തിലുമല്ലാ ഇൻഡ്യാഗവണ്മെൻറ് സമ്മതം തരാത്തതെന്നു പ്രസ്താവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

വ്യവസായവകുപ്പിലെ ഉദ്യോഗസ്ഥന്മാർ.

* 1766. [13] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വ്യവസായവകുപ്പിൽ ഡയറക്ടർ, ജോയിൻറ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അഡ്വൈസർ, ഈ തസ്തികകളിൽ എത്ര ഉദ്യോഗസ്ഥന്മാർ ഉണ്ടു്;

(ബി) അവർ ആരെല്ലാം;

† Please see Appendix I.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

Please see answer to Question * 1765 [*12*]

STATEMENT

Name of Industry.	*Amount set apart Rs. in lakhs.*
Handloom Development-	
1. Issue of loans to weavers	0·020
2. Opening of Dye House	0·025
3. Conversion of Looms.	0·010
4. Supply of Weaving Accessories	0·010
5. Rebate on sale of handloom cloth	0·750
Small Industries.	
6. Chain Stores	0·100
7. Tanning	0·100
8. Glazed Pottery	0·400
9. Aid to industrial Co-operatives and Industrialists	0·180
10. Village Workshops in N. E. S. Blocks	0·200
11. Manufacture of Fractional Horsepower Motors.	0·001
12. Industrial Estates	1·000
Handicraft Schemes-	
13. Training Centre for Tailoring and Garment making.	0·060
14. Paid Secretaries to Co-operative Societies	0·012
15. Setting up of new show cases	0·030
16. Organisation of Co-operatives of Artisans.	0·060
17. Coir Development Schemes	1·140
18. Conversion of Handlooms into Powerlooms.	0·400
Total	4·498 lakhs

LIBRARY ARCHIVES Kerala Legislative Assembly